# പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി III

## (SUBJECT COMMITTEE III)

## ജലവിഭവം

## (WATER RESOURCES)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് 2011-2012

**FIRST REPORT**
**ON**
**THE SCRUTINY OF DEMANDS FOR GRANTS**
**(2011-2012)**

2011 സെപ്തംബർ 26-ാം തീയതി സമർപ്പിച്ചത്

(Presented on, September 26, 2011)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2011

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2011

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി III

# (SUBJECT COMMITTEE III)

**ജലവിഭവം**

**(WATER RESOURCES)**

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
ഒന്നാമത് റിപ്പോർട്ട്
(2011-2012)

(FIRST REPORT ON THE SCRUTINY OF DEMANDS
FOR GRANTS
2011-2012)

823/2011.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

## സബ്ജക്റ്റ് കമ്മിറ്റി III—ജലവിഭവം
## (2011-2013)

### ഘടന

ചെയർമാൻ :

ശ്രീ. പി. ജെ. ജോസഫ്,
ജലവിഭവ വകുപ്പുമന്ത്രി

അംഗങ്ങൾ :

ശ്രീ. എ. എം. ആരിഫ്
,, വി. റ്റി. ബൽറാം
,, കെ. കെ. ജയചന്ദ്രൻ
,, ജി. എസ്. ജയലാൽ
,, വർക്കല കഹാർ
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, കെ. മുഹമ്മദുണ്ണി ഹാജി
,, റ്റി. എൻ. പ്രതാപൻ
,, തോമസ് ചാണ്ടി
,, തോമസ് ഉണ്ണിയാടൻ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. രാജൻ, സെക്രട്ടറി
ശ്രീ. എം. ജോൺ മാത്യു, ജോയിന്റ് സെക്രട്ടറി
,, കെ. ബാലമുരളീകൃഷ്ണൻ, ഡെപ്യൂട്ടി സെക്രട്ടറി.
ശ്രീമതി എ. ജനറ്റ്, അണ്ടർ സെക്രട്ടറി.

## അവതാരിക

2011-12 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ ജലവിഭവം സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി III-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2011 ജൂലൈ 26, ഓഗസ്റ്റ് 3 എന്നീ തീയതികളിൽ സമിതി യോഗംചേർന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും ഇത് സംബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശ രേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു.

ധനാഭ്യർത്ഥന നമ്പർ XX— ശുദ്ധജലവിതരണവും ശുചീകരണവും

ധനാഭ്യർത്ഥന നമ്പർ XXIX— കൃഷി (ചെറുകിട ജലസേചനം) (2702, 2705, 4702, 4705, 6705 എന്നീ കണക്കിനങ്ങൾ മാത്രം)

ധനാഭ്യർത്ഥന നമ്പർ XXXVIII— ജലസേചനം

ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിഗണിക്കുകയും യോഗത്തിൽ സന്നിഹിതരായ ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിവരങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി രൂപം നൽകിയ നിർദ്ദേശങ്ങളും ശുപാർശകളുമാണ് റിപ്പോർട്ടിൽ ഉള്ളടക്കം ചെയ്തിരിക്കുന്നത്.

2011 സെപ്തംബർ മാസം 6-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

**പി. ജെ. ജോസഫ്,**

നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം.

*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി III.*

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ XX—ശുദ്ധജല വിതരണവും ശുചീകരണവും

വോട്ട് ചെയ്തത് : 11,36,47,29,000 രൂപ

ചാർജ് ചെയ്തത് : ഇല്ല

കേരളാ വാട്ടർ അതോറിറ്റി

1. സംസ്ഥാനത്തെ എല്ലാ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും ഭാഗികമായി ശുദ്ധജലവിതരണം നടപ്പാക്കിയിട്ടുണ്ടെന്നും നഗരങ്ങളിൽ 86.46% പേർക്കും ഗ്രാമങ്ങളിൽ 71.75% പേർക്കും കുടിവെള്ളം ലഭ്യമാക്കിയിട്ടുണ്ടെന്നും ഗവൺമെന്റ് ലഭ്യമാക്കിയ കുറിപ്പ് വ്യക്തമാക്കുന്നു.

2. നടപ്പുസാമ്പത്തിക വർഷം അതോറിറ്റിക്ക് പദ്ധതി വിഹിതമായി 775.4701 കോടി രൂപയും പദ്ധതിയേതര വിഹിതമായി 155.66 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്.

2215-01-190-99 (18)—ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ

3. 1-4-2009 മുതൽ പ്രാബല്യത്തിൽ വന്ന നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോഗ്രാമിന്റെ രൂപരേഖ പ്രകാരം പദ്ധതികളുടെ മുഴുവൻ തുകയും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 50:50 എന്ന അനുപാതത്തിൽ നൽകേണ്ടതാണ്. ഇപ്പോൾ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന 83 പദ്ധതികളുടെ നടത്തിപ്പിലേക്കായി വകയിരുത്തിയിട്ടുള്ള 50 കോടി രൂപ തികച്ചും അപര്യാപ്തമായതിനാൽ 62 കോടി രൂപ കൂടി സംസ്ഥാന വിഹിതമായി വാട്ടർ അതോറിറ്റിക്ക് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4215-01-800-99-01(P)—നബാർഡ് സഹായത്തോടെയുള്ള ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ

4. പ്രാരംഭത്തിൽ എൽ. ഐ. സി. സഹായത്തോടെ ഏറ്റെടുക്കുകയും പിന്നീട് എൽ. ഐ. സി. യുടെ സഹായത്തിന്റെ അഭാവംമൂലം പ്രവർത്തികൾ മന്ദഗതിയിലാവുകയും ചെയ്ത പല ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളും പുനഃപരിഷ്ക്കരിച്ച് നബാർഡിന്റെ സഹായത്തിനായി RIDF XIV-ൽ ഉൾപ്പെടുത്തി സ്പെഷ്യൽ പാക്കേജ് അസിസ്റ്റൻസ് ഫ്രം നബാർഡ് (സ്പാൻ) ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. ഈ പദ്ധതികളുടെ നടത്തിപ്പിനായും കാലഹരണപ്പെട്ട പമ്പ്, മോട്ടോർ എന്നിവയുടെ പുനരുദ്ധാരണത്തിനായും 2011-12 ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 32.64 കോടി രൂപ അപര്യാപ്തമായതിനാൽ 167.36 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5. നോൺ പ്ലാൻ ഇനത്തിൽ 2011-12 സാമ്പത്തിക വർഷത്തിൽ വാട്ടർ അതോറിറ്റിക്ക് വിവിധ ഇനങ്ങളിലുള്ള വരവ് കഴിച്ചുള്ള റവന്യൂ ചെലവായി കണക്കാക്കിയിട്ടുള്ളത് 507.65 കോടി രൂപയാണ്. എന്നാൽ 155.66 കോടി രൂപമാത്രമാണ് ഈയിനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഈ തുക തികച്ചും അപര്യാപ്ത മായതിനാൽ 351.99 കോടി രൂപകൂടി നോൺ പ്ലാൻ ഗ്രാന്റായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### ധനാഭ്യർത്ഥന നമ്പർ XXIX—കൃഷി (ചെറുകിട ജലസേചനം)

വോട്ടു ചെയ്തത് : 1606,91,53,000 രൂപ

ചാർജ് ചെയ്തത് : 15,71, 000 രൂപ

2702-01-001-99-21 (2)

6. ചെറുകിട ജലസേചന വിഭാഗത്തിലെ വാഹനങ്ങളുടെ അറ്റകുറ്റപ്പണി കൾക്കായി അനുവദിച്ച 1 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2702-03-101-98-01—പ്രകൃതി ക്ഷോഭംമൂലം നാശനഷ്ടം സംഭവിച്ച ചെറുകിട ജലസേചന പ്രവൃത്തികൾക്ക് വേണ്ട ചെലവ്

7. ക്രോസ് ബാറുകൾ, വിയറുകൾ തുടങ്ങിയവ നിർമ്മിച്ച് 50 ഹെക്ടർ വരെ ജലസേചനം ഏർപ്പെടുത്തുന്നതിനുള്ള ഈ പദ്ധതിക്കായി 1 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. പുതിയ പ്രവൃത്തികൾ ചെയ്യുന്നതിനും ഏറ്റെടുത്ത പണികൾ ചെയ്ത് തീർക്കുന്നതിനും ഈ തുക തികച്ചും അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2702-03-101-98- 02—ചെറുകിട ജലസേചന പദ്ധതികളുടെ കേടുപാടു പോക്കൽ

8. ജലസേചന വകുപ്പിൻ കീഴിലുള്ള നിരവധി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടേയും ചെറുകിട ജലസേചന പദ്ധതികളുടേയും കേടുപാടു തീർക്കുന്നതിനായി ഈയിനത്തിൽ വകയിരുത്തിയിട്ടുള്ള 1 കോടി രൂപ അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4702-101-99-01—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനചെലവ്

9. ചെക്ക് ഡാമുകൾ, റഗുലേറ്ററുകൾ, ബണ്ടുകൾ, ചെറുകിട തോടുകൾ, ക്രോസ് ബാറുകൾ മുതലായവ നിർമ്മിച്ച് 2000 ഹെക്ടർവരെ ജലസേചനമേർപ്പെടുത്തുന്നതി നുള്ള ഒരു പദ്ധതിയാണിത്. നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പുതിയ പദ്ധതികൾക്കുവേണ്ടി തുകയൊന്നും വകയിരുത്തിയിട്ടില്ല. ഈയിനത്തിൽ 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4702-00-101-90 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നവീകരിക്കൽ

10. നെൽക്കൃഷിക്ക് വേണ്ടിയുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിൽ ഭൂരിഭാഗവും ഇപ്പോൾ പൂർണ്ണമായും പ്രവർത്തനക്ഷമമല്ല. ഇവയുടെ പുനരുദ്ധാരണ

ത്തിനും അതുവഴി നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടിട്ടുള്ള ഈ പദ്ധതിക്ക് ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ഏറ്റെടുത്ത പണികൾ പൂർത്തീകരിക്കുന്നതിന് 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4702-00-101-89—മലബാർ ജലസേചന പാക്കേജ് (മിർപ)

11. ചെറുകിട ജലസേചനത്തിനായി മലബാർ പ്രദേശത്ത് നിലവിലുള്ള റഗുലേറ്ററുകളുടേയും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടേയും പുനരുദ്ധാരണ പണികൾക്ക് വകകൊള്ളിച്ചിട്ടുള്ള 14.52 കോടി രൂപ അപര്യാപ്തമായതിനാൽ ഈയിനത്തിൽ 15 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4702-00-101-88—മലബാർ ജലസേചന പാക്കേജ് (എറണാകുളം ജില്ലയ്ക്ക് വേണ്ടിയുള്ള പ്രത്യേക പാക്കേജ്)

12. എറണാകുളം ജില്ലയിൽ നിലവിലുള്ള ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ പുനരുദ്ധാരണത്തിനായുള്ള ഈ പദ്ധതിക്ക് 9.90 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഈ തുക അപര്യാപ്തമായതിനാൽ 15 കോടി രൂപകൂടി ഈയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4702-00-101-87—കുളങ്ങളുടെ നവീകരണം

13. ചെറുകിട ജലസേചനത്തിനായി സംസ്ഥാനത്തെ കുളങ്ങളുടെ നവീകരണത്തിനായി ആരംഭിച്ച ഈ പദ്ധതിക്കായി 10 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. കരാറുകാരുടെ ബില്ലുകൾ കൊടുത്തു തീർക്കേണ്ടതിന് 10 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ഭൂജല വകുപ്പ്

2702-02-005-77—രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി

14. കുടിവെള്ള ലഭ്യത പൂർണ്ണമായോ ഭാഗികമായോ ഉറപ്പുവരുത്തുവാൻ സാധിക്കാത്ത സ്ഥലങ്ങളിൽ കുഴൽക്കിണറുകൾ നിർമ്മിച്ച് കുടിവെള്ളം ലഭ്യമാക്കുന്നതിന് ഉദ്ദേശിച്ചുള്ള ഈ പദ്ധതിക്ക് 75 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഈ തുക അപര്യാപ്തമായതിനാൽ ഇത് 2 കോടി രൂപയായി ഉയർത്തി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

15. ഭൂജല ദൗർലഭ്യമുള്ള പ്രദേശങ്ങളിൽ ഭൂഗർഭജലം ചൂഷണം ചെയ്യുന്ന ബോട്ടിലിങ്ങ് പ്ലാന്റ് പോലെയുള്ള വ്യവസായങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

കമാന്റ് ഏരിയാ വികസന അതോറിറ്റി (കാഡ)

2705-00-101-82—പഴശ്ശി പ്രോജക്ട്

16. പഴശ്ശി പദ്ധതിയുമായി ബന്ധപ്പെട്ട എസ്റ്റാബ്ലിഷ്മെൻറ് ചെലവുകൾ, സി. എ. ഡി. ഡബ്ള്യു. എം. ജോലികൾ എന്നിവക്കായി അനുവദിച്ചിട്ടുള്ള 1.7 കോടി

രൂപ തുലോം കുറവായതിനാൽ ഇത് 5.67 കോടി രൂപയായി ഉയർത്തി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2705-00-101-81—കാഞ്ഞിരപ്പുഴ പ്രോജക്ട്

17. ഈ പദ്ധതിയുമായി ബന്ധപ്പെട്ട എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി അനുവദിച്ചിട്ടുള്ള 70 ലക്ഷം രൂപയും സി. എ. ഡി. ഡബ്ല്യൂ. എം. ജോലികൾക്കായി അനുവദിച്ചിട്ടുള്ള 210 ലക്ഷം രൂപയും തികച്ചും അപര്യാപ്തമായതിനാൽ ഇവ യഥാക്രമം 1 കോടി രൂപയായും 3.065 കോടി രൂപയായും ഉയർത്തി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2705-00-101-80—പ്രോജക്ട് ഹെഡ്ക്വാർട്ടേഴ്സ്

18. ഈയിനത്തിൽ അനുവദിച്ചിട്ടുള്ള എസ്റ്റാബ്ലിഷ്മെന്റ് വിഹിതമായ 1 കോടി രൂപ തികച്ചും അപര്യാപ്തമായതിനാൽ 75 ലക്ഷം രൂപകൂടി ഈയിനത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2705-00-101-79—കല്ലട പ്രോജക്ട്

19. കല്ലട പ്രോജക്ടിന്റെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി വകയിരുത്തിയിട്ടുള്ള 95 ലക്ഷം രൂപ തുലോം കുറവായതിനാൽ ഇത് 2 കോടി രൂപയായി ഉയർത്തി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ ആവശ്യത്തിന് ടെന്ക്കിക്കൽ സ്റ്റാഫിനെ നിയമിക്കുന്നതിനും സി. എ. ഡി. ഡബ്ല്യൂ. എം. ജോലികൾക്കുമായി വകയിരുത്തിയിട്ടുള്ള 290 ലക്ഷം രൂപ 972.88 ലക്ഷം രൂപയായി ഉയർത്തി അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

2705-00-101-75— മൂവാറ്റുപുഴ ജലസേചന പദ്ധതി

20. ഈ പദ്ധതിക്ക് ബഡ്ജറ്റിൽ 20 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ഈ തുക തികച്ചും അപര്യാപ്തമായതിനാൽ ഇത് 3.55 കോടി രൂപയായി ഉയർത്തി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ ഈ പദ്ധതിയുടെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി വകയിരുത്തിയിട്ടുള്ള 3 ലക്ഷം രൂപ 1 കോടി രൂപയായി ഉയർത്തി അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

2705-00-101-77—പ്രാദേശിക ജലവിഭവ വികസനവും സംരക്ഷണവും

21. ഈയിനത്തിൽ വകയിരുത്തിയിട്ടുള്ള 25 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2705-00-101-74—ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം

22. കേരളത്തിലെ വിവിധ ജില്ലകളിലെ കുളങ്ങളുടെ പുനരുദ്ധാരണത്തിന് വേണ്ടിയുള്ള ഒരു പദ്ധതിയാണിത്. 25% കേന്ദ്ര സഹായം ലഭിക്കുന്ന ഈ പദ്ധതിക്ക് നടപ്പു സാമ്പത്തിക വർഷത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ഈ പദ്ധതിയുടെ നടത്തിപ്പിലേക്കായി 3 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXVIII—ജലസേചനം

വോട്ട് ചെയ്തത് : 853, 13, 69000 രൂപ

ചാർജ് ചെയ്തത് : 71,79,000 രൂപ

2700-01-101-98—പെരിയാർ നദീതട പദ്ധതി (വാണിജ്യപരം)

23. പെരിയാർ നദീതട പദ്ധതിയുടെ നിർമ്മാണം പൂർത്തിയായ ഭാഗങ്ങളുടെ സംരക്ഷണ പണികൾക്കായി 6 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. കനാലുകളുടെ സംരക്ഷണ പണികൾ കാലാകാലം തീർക്കേണ്ടതാണെന്നതിനാൽ 60 ലക്ഷം രൂപകൂടി ഈയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2700-02-101-98—മലമ്പുഴ പദ്ധതി (വാണിജ്യപരം)

24. പൂർത്തിയായ മലമ്പുഴ പദ്ധതിക്കുവേണ്ടിയുള്ള സംരക്ഷണ പണികൾക്ക് 5 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇത് തികച്ചും അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2700-03-101-98—വാളയാർ പദ്ധതി (വാണിജ്യപരം)

25. വാളയാർ പദ്ധതിയുടെ സംരക്ഷണ പണികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 1.32 കോടി രൂപ അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപകൂടി ഈയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2700-04-101-98—മംഗലം പദ്ധതി (വാണിജ്യപരം)

26. മംഗലം പദ്ധതിയുടെ സംരക്ഷണ പണികൾക്കായി അനുവദിച്ച 1 കോടി രൂപ അപര്യാപ്തമായതിനാൽ 25 ലക്ഷം രൂപ കൂടി ഈയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2700-05-101-98—മീൻകര പദ്ധതി (വാണിജ്യപരം)

27. പദ്ധതിയുടെ സംരക്ഷണ പണികൾക്ക് ഈ ശീർഷകത്തിൽ അനുവദിച്ച 66 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 25 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2700-11-101-98—നെയ്യാർ ജലസേചന പദ്ധതി (വാണിജ്യേതരം)

28. നെയ്യാർ പദ്ധതിയുടെ സംരക്ഷണ പണികൾക്കായി വകയിരുത്തിയിട്ടുള്ള 4.40 കോടി രൂപ അപര്യാപ്തമായതിനാൽ കനാലുകളുടെ പുനരുദ്ധാരണത്തിനായി 1 കോടി രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2700-12-101-98—പഴശ്ശി പദ്ധതി (വാണിജ്യേതരം)

29. പഴശ്ശി പദ്ധതിയുടെ സംരക്ഷണ പണികൾക്ക് 1.21 കോടി രൂപയാണ് നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകകൊള്ളിച്ചിരിക്കുന്നത്. പദ്ധതിയുടെ

മോശമായ 14 റേഡിയൽ ഗേറ്റുകൾ പുനഃസ്ഥാപിക്കുന്നതിന് ഈയിനത്തിൽ 8 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശചെയ്യുന്നു.

2700-13-101-98—കുറ്റ്യാടി ജലസേചന പദ്ധതി (വാണിജ്യേതരം)

30. കുറ്റ്യാടി ജലസേചന പദ്ധതിയുടെ സംരക്ഷണ പണികൾക്കുള്ള ബഡ്ജറ്റ് വിഹിതം 2.4 കോടി രൂപയാണ്. ഇത് അപര്യാപ്തമായതിനാൽ 1 കോടി രൂപ ഈയിനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശചെയ്യുന്നു.

2700-14-101-98—വടക്കാഞ്ചേരി പദ്ധതി (വാണിജ്യേതരം)

31. വടക്കാഞ്ചേരി പദ്ധതിയുടെ സംരക്ഷണ പണികൾക്കുള്ള ബഡ്ജറ്റ് വിഹിതം 1.32 കോടിരൂപയാണ്. ഇത് അപാര്യാപ്തമായതിനാൽ 50 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2700-16-101-98—പമ്പാ ജലസേചന പദ്ധതി (വാണിജ്യേതരം)

32. പമ്പാ ജലസേചന പദ്ധതിയുടെ സംരക്ഷണ പണികൾക്കായി വകകൊള്ളിച്ചിട്ടുള്ള 3.4 കോടിരൂപ അപര്യാപ്തമായതിനാൽ 1 കോടി രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശചെയ്യുന്നു.

2700-17-101-98—ചിറ്റൂർപുഴ പദ്ധതി (വാണിജ്യേതരം)

33. ചിറ്റൂർപുഴ പദ്ധതിയുടെ സംരക്ഷണ പണികൾക്കായി ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള 2.86 കോടിരൂപ അപര്യാപ്തമായതിനാൽ 1.10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2700-18-101-98—കാഞ്ഞിരപ്പുഴ പദ്ധതി (വാണിജ്യേതരം)

34. കാഞ്ഞിരപ്പുഴ പദ്ധതിയുടെ സംരക്ഷണ പണികൾക്കായി വകയിരുത്തിയിട്ടുള്ള 2.4 കോടിരൂപ അപര്യാപ്തമായതിനാൽ 1 കോടി രൂപ കൂടി ഈയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2700-25-101-98—മൂലത്തറ വലതുകര കനാൽ (വാണിജ്യേതരം)

35. പദ്ധതിയുടെ സംരക്ഷണ പണികൾക്കായി അനുവദിച്ചിട്ടുള്ള 5.39 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 30 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2700-27-101-98—കല്ലട ജലസേചന പദ്ധതി (വാണിജ്യേതരം)

36. കമ്മീഷൻചെയ്ത ഈ പദ്ധതിയുടെ സംരക്ഷണ പണികൾക്കായി വകയിരുത്തിയിട്ടുള്ള 6 കോടിരൂപ അപര്യാപ്തമായതിനാൽ പൂർത്തിയാക്കുവാനുള്ള കനാൽ പണികൾക്കുവേണ്ടി 3 കോടി രൂപയും കനാൽ റോഡുകളുടെ നവീകരണത്തിനുവേണ്ടി 2 കോടി രൂപയും യന്ത്രോപകരണങ്ങൾക്കായി 10 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2701-01-101-98—പീച്ചി ജലസംഭരണ പദ്ധതി (വാണിജ്യപരം)

37. പീച്ചി ജലസംഭരണ പദ്ധതിയുടെ സംരക്ഷണ പണികൾക്ക് 6.40 കോടി രൂപയും വർക്ക് ചാർജ്ഡ് എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിൽ 10 ലക്ഷം രൂപയുമാണ് വകകൊള്ളിച്ചിട്ടുള്ളത്. ഇവ അപര്യാപ്തമായതിനാൽ യഥാക്രമം 3.1026 കോടി രൂപയും 33 ലക്ഷം രൂപയും ഈയിനങ്ങളിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശചെയ്യുന്നു

2701-02-101-98—ചാലക്കുടി നദി തിരിച്ചുവിടൽ പദ്ധതി (വാണിജ്യപരം)

38. ഈ പദ്ധതിയുടെ സംരക്ഷണ പണികൾക്കായി അനുവദിച്ച 1.6 കോടി രൂപ അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശചെയ്യുന്നു.

2701-03-101-98—ചീരക്കുഴി പദ്ധതി (വാണിജ്യപരം)

39. ചീരക്കുഴി പദ്ധതിയുടെ സംരക്ഷണ പണികൾക്കായി വകയിരുത്തിയിട്ടുള്ള 87 ലക്ഷം രൂപ തുലോം കുറവായതിനാൽ 25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശചെയ്യുന്നു.

2701-11-101-98—പോത്തുണ്ടി പദ്ധതി (വാണിജ്യേതരം)

40. പോത്തുണ്ടി പദ്ധതിയുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കുള്ള ബഡ്ജറ്റ് വിഹിതം 1.5 കോടി രൂപയാണ്. ഇത് അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2701-14-101-98—ചിമ്മിണി മുപ്ലി പദ്ധതി

41. ചിമ്മിണി ഡാമിന്റെ സംരക്ഷണ പണികൾക്കായി വകയിരുത്തിയിട്ടുള്ളത് 58 ലക്ഷം രൂപയാണ്. ഡാം സേഫ്റ്റി കമ്മിറ്റിയുടെ ശുപാർശ പ്രകാരമുള്ള പണികൾ ചെയ്യുവാൻ 50 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2701-17-101-98—ചേരമംഗലം പദ്ധതി (വാണിജ്യേതരം)

42. ചേരമംഗലം പദ്ധതിയുടെ സംരക്ഷണ പണികൾക്കായി അനുവദിച്ചിട്ടുള്ള 50 ലക്ഷംരൂപ അപര്യാപ്തമായതിനാൽ 40 ലക്ഷം രൂപകൂടി ഈയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശചെയ്യുന്നു.

2701-20-101-99—വെള്ളിയാംകല്ല് കാസ്‌വേ (വാണിജ്യേതരം)

43. വെള്ളിയാംകല്ല് കാസ്‌വേ പദ്ധതിയുടെ വർക്ക് ചാർജ്ഡ് എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിൽ വകയിരുത്തിയിട്ടുള്ള 40,000 രൂപ അപര്യാപ്തമായതിനാൽ 1.10 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശചെയ്യുന്നു.

2701-80-001-95— കേരള ഡാം സുരക്ഷ അതോറിറ്റി

44. അതോറിറ്റിയിലെ ജീവനക്കാരുടെ ശമ്പളത്തിനും മറ്റു ഓഫീസ് ചെലവുക ൾക്കുമായി വകയിരുത്തിയിട്ടുള്ള 60.78 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 11.28 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2701-80-004-96—ഗുണനിയന്ത്രണ യൂണിറ്റുകൾ

45. ഗുണനിയന്ത്രണ യൂണിറ്റിലെ 2 ഡിവിഷനുകളുടെയും 6 സബ് ഡിവിഷനു കളുടേയും ജീവനക്കാരുടെ ശമ്പളത്തിനും മറ്റ് ഓഫീസ് ചെലവുകൾക്കുമായി 5.2199 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഗുണനിയന്ത്രണ പ്രവൃത്തികൾ ഏറ്റെടുക്കു ന്നതിന് അത്യാവശ്യമായ പരീക്ഷണശാലകളും മറ്റും സ്ഥാപിക്കുന്നതിന് 50 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശചെയ്യുന്നു.

2701-80-005-98—അന്വേഷണവും ഗവേഷണവും

46. 24.5 ലക്ഷം രൂപയാണ് ഈയിനത്തിലെ ബഡ്ജറ്റ് വിഹിതം ഇത് അപര്യാപ്തമായതിനാൽ 15.5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശചെയ്യുന്നു.

2701-80-005-97—അന്വേഷണവും രൂപകല്പനയും

47. ജലസേചന പദ്ധതികളുടെ പര്യവേഷണത്തിനും രൂപകല്പനകൾക്കും നില വിലുള്ള ഐ. ഡി. ആർ. ബി. ഓഫീസ് നവീകരണത്തിനുമായി വകകൊള്ളിച്ചിട്ടുള്ള 15 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപകൂടി ഈയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശചെയ്യുന്നു.

2701-80-800-97—മറ്റു ജലസേചന പണികളുടെ സംരക്ഷണപ്പണികളും അറ്റകുറ്റ പണികളും.

48. പൂർത്തിയായ ജലസേചന പദ്ധതികളിൽ സംരക്ഷണ പണികൾക്ക് പ്രത്യേകമായി തുക വകകൊള്ളിച്ചിട്ടില്ലാത്തവയുടെ സംരക്ഷണ പണികൾക്കും തൃശ്ശൂർ കോൾ നിലങ്ങളിൽ ജലസേചന വികസന പ്രവർത്തനങ്ങൾക്കുമായി 2 കോടി രൂപ യാണ് നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഈ തുക അപര്യാപ്തമായതിനാൽ 4 കോടിരൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശചെയ്യുന്നു.

49. തൃശ്ശൂർ കോൾ നിലങ്ങളുടെ ജലസേചന വികസന പ്രവർത്തന ങ്ങൾക്കായും മേജർ റഗുലേറ്ററുകളുടെ സംരക്ഷണപ്പണികൾക്കായും പ്രത്യേകം ഹെഡ് ഓഫ് അക്കൗണ്ടുകൾ തുടങ്ങണമെന്ന് സമിതി ശുപാർശചെയ്യുന്നു.

2701-80-800-94—കാവേരി ഉൾപ്പെടെയുള്ള അന്തർ സംസ്ഥാന നദീജലം

50. കാവേരി നദീജല തർക്ക ട്രൈബ്യൂണലിനായി ഉണ്ടാക്കപ്പെട്ട പ്രത്യേക വിഭാഗത്തിലെ ഉദ്യോഗസ്ഥന്മാർക്ക് ശമ്പളത്തിനും ഓഫീസ് ചെലവുകൾക്കും വക്കീൽ

ഫീസിനുമായി വകയിരുത്തിയിട്ടുള്ള 1.4248 കോടി രൂപ അപര്യാപ്തമായതിനാൽ 3.17 കോടി രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശചെയ്യുന്നു.

2701-80-800-92—അണക്കെട്ടു സുരക്ഷാ സംഘടനയും സുരക്ഷാ സന്നാഹങ്ങളും

51. ഭരണച്ചെലവിനും ഉപകരണങ്ങൾ വാങ്ങുന്നതിനുമായി ഈ ഹെഡ്ഡിൽ വകയിരുത്തിയിട്ടുള്ള 10 ലക്ഷംരൂപ അപര്യാപ്തമായതിനാൽ 65 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശചെയ്യുന്നു.

2711-02-800-99—കടലാക്രമണ നിരോധന പദ്ധതികൾ കോസ്റ്റൽ എറോഷൻ പദ്ധതികൾ സംബന്ധിച്ച പഠനം

52. കടലാക്രമണ നിരോധന പദ്ധതിയുടെ ഭാഗമായി കടൽതീരമണ്ണൊലിപ്പ് തടയുന്നതിന് കോസ്റ്റൽ ഇറോഷൻ സംബന്ധിച്ച പഠനം നടത്തിവരുന്ന ഒരു ഡിവിഷനിലേയും 3 സബ് ഡിവിഷനുകളിലേയും ജീവനക്കാരുടെ ശമ്പളത്തിനും മറ്റ് ചെലവുകൾക്കുമായി 2.3482 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇത് അപര്യാപ്തമായതിനാൽ 69.83 ലക്ഷം രൂപകൂടി ഈയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശചെയ്യുന്നു.

4700-02—മലമ്പുഴ പദ്ധതി

53. നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഈയിനത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. മലമ്പുഴ ഉദ്യാനം 2-ാം ഘട്ട പണിയുടെ പൂർത്തീകരണത്തിന് 16.75 കോടിരൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4700-20—ഇടമലയാർ പദ്ധതി

54. ഇടമലയാർ പദ്ധതിയിലേക്കായി 10 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇത് അപര്യാപ്തമായതിനാൽ 38 കോടിരൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4700-22—മൂവാറ്റുപുഴ പദ്ധതി

55. 4.0001 കോടി രൂപയാണ് ഈ പദ്ധതിയുടെ ബഡ്ജറ്റ് വിഹിതം. നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പണികൾക്ക് ഈ തുക അപര്യാപ്തമാണ്. 2011-12 വർഷത്തിൽ എ. ഐ. ബി. പി. ഗ്രാന്റ് ലഭ്യമാക്കാനായി 35 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാരശ ചെയ്യുന്നു.

4700-80-800-99—വൻകിട ജലസേചന പദ്ധതികളിന്മേൽ പര്യവേഷണം.

56. ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 1.2 കോടി രൂപ അപര്യാപ്തമായതിനാൽ 4.3 കോടി രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4700-80-800-97—ഡാം സുരക്ഷാ സംഘടനയും ഡാം സുരക്ഷാ നടപടികളും

57. 18 ഡാമുകളുടെ സുരക്ഷാ നടപടികൾക്കും അറ്റകുറ്റപ്പണികൾക്കുമായി 1.9 കോടി രൂപയാണ് ബഡ്ജറ്റിൽ വകകൊളളിച്ചിട്ടുള്ളത്. ഇത് അപര്യാപ്തമായതിനാൽ 3.1 കോടി രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4700-80-800-94—ജലവിഭവശേഷി പുനർ നിർണ്ണയവും കാര്യക്ഷമമായ ഭരണ നിർവ്വഹണവും

58. ഈയിനത്തിൽ നടപ്പുസാമ്പത്തിക വർഷം തുകയൊന്നും വകകൊള്ളിച്ചിട്ടില്ല. പണി പൂർത്തിയായ വൻകിട പദ്ധതികളുടെ പ്രയോജനം ലഭിക്കുന്നതിന് പുനരുദ്ധാരണപ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശചെയ്യുന്നു.

4701-18—ചമ്രവട്ടം റഗുലേറ്റർ-കം-ബ്രിഡ്ജ് (വാണിജ്യേതരം)

59. ഈ പദ്ധതിയുടെ ബഡ്ജറ്റ് വിഹിതം 35.5 കോടി രൂപയാണ് എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിലും മരാമത്തു പണികൾക്കുമായി 12.7 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4701-22—പലകപ്പാണ്ടി നദി തിരിച്ചുവിടൽ പദ്ധതി. (വാണിജ്യേതരം)

60. ഈയിനത്തിൽ നടപ്പു സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. 3, 4 റീച്ചുകൾകൂടി പൂർത്തീകരിക്കുവാനുള്ളതിനാൽ 1 കോടിരൂപ നബാർഡ് ധനസഹായംവഴി ലഭ്യമാക്കണമെന്ന് സമിതി ശുപാർശചെയ്യുന്നു.

4701-80-800-99—കേരള എൻജിനീയറിംഗ് റിസർച്ച് സ്റ്റേഷൻ പീച്ചി സ്റ്റേജ് 2-ന്റെ വികസനം

61. പീച്ചിയിലെ ഗവേഷണപഠന കേന്ദ്രത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി നീക്കിവച്ചിരിക്കുന്ന 25 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 93.5 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശചെയ്യുന്നു.

4701-80-800-96—നടപ്പാക്കിയ പദ്ധതികളെ വിലയിരുത്താനുള്ള പഠനം

62. പണി പൂർത്തിയായ ജലസേചന പദ്ധതികളെ വിലയിരുത്താനുള്ള പഠനത്തിനായി വകകൊള്ളിച്ചിട്ടുള്ള 5 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശചെയ്യുന്നു.

4701-80-800-93—നാഷണൽ ഹൈഡ്രോളജി പ്രോജക്ട്

63. ലോകബാങ്കിന്റെ സഹായത്തോടുകൂടി നടപ്പാക്കുന്ന പദ്ധതിയുടെ രണ്ടാം ഘട്ട പരിപാടിക്കായി 2.45 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. പ്രധാന പ്രവർത്തികളെല്ലാം 2011-12 കാലഘട്ടത്തിൽത്തന്നെ തീർക്കേണ്ടതായിട്ടുള്ളതുകൊണ്ട് 1 കോടി രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശചെയ്യുന്നു.

4701-80-800-81—ജലസേചന പദ്ധതികളുടെ കാര്യക്ഷമമായ മാനേജ്മെന്റിനുവേണ്ടിയുള്ള നിലവാര നിർണ്ണയം

64. വിവിധ പദ്ധതികളുടെ കാര്യക്ഷമമായ മാനേജ്മെന്റിനായി വകയിരുത്തിയിട്ടുള്ള 5 ലക്ഷംരൂപ അപര്യാപ്തമായതിനാൽ 25 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശചെയ്യുന്നു.

2700-26-101-98—തണ്ണീർമുക്കം പദ്ധതി (വാണിജ്യേതരം)

65. തണ്ണീർമുക്കം പദ്ധതിയുടെ സംരക്ഷണ പണികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 40 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഷട്ടറുകളുടെ വാർഷിക അറ്റകുറ്റപ്പണികൾക്കായി 60 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശചെയ്യുന്നു.

2701-80-001-97

66. ഇറിഗേഷൻ ചീഫ് എഞ്ചിനീയറുടെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള ഇറിഗേഷൻ, മെക്കാനിക്കൽ, ഇൻലാൻഡ് നാവിഗേഷൻ എന്നീ ഡിവിഷനുകളിലെയും പ്രോജക്ട് 1, പ്രോജക്ട് 2 എന്നീ ചീഫ് എഞ്ചിനീയർമാരുടെ കീഴിലുള്ള ഡിവിഷനുകളിലേയും അതിനുകീഴിൽ ജോലിചെയ്യുന്ന ഉദ്യോഗസ്ഥന്മാരുടേയും ശമ്പളവും അലവൻസും മറ്റ് ഓഫീസ് ചെലവുകൾക്കുമായി 53.7864 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ ഇന്ധനവില വർദ്ധനമൂലമുള്ള അധിക ചെലവ് കണക്കിലെടുത്ത് പി. ഒ. എൽ. ഇനത്തിൽ അനുവദിച്ചിട്ടുള്ള 8 ലക്ഷം രൂപയ്ക്ക് പുറമെ 3 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശചെയ്യുന്നു.

2701-80-001-94—ഓഫീസുകൾ നെറ്റ് വർക്കിംഗ്

67. ഇറിഗേഷൻ വകുപ്പ് ഓഫീസുകളിൽ നെറ്റ്‌വർക്കിംഗിനായി വകയിരുത്തിയിട്ടുള്ള 20 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 30 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശചെയ്യുന്നു.

2711-01-103-99—വെള്ളപ്പൊക്കനിയന്ത്രണ പണികളുടെ സംരക്ഷണം

2711-01-103-98—വെള്ളപ്പൊക്കക്കെടുതികൾ മൂലമുള്ള അറ്റകുറ്റപ്പണികൾ

68. സംസ്ഥാനത്തെ പൂർത്തിയാക്കപ്പെട്ട വെള്ളപ്പൊക്കനിയന്ത്രണ പണികളുടെ പ്രത്യേകമായ സംരക്ഷണത്തിനും വെള്ളപ്പൊക്കംമൂലം ഉണ്ടാകുന്ന കെടുതികളുടെ അറ്റകുറ്റപ്പണികൾക്കുമായി 7.5001 കോടിരൂപ വീതമാണ് ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളത്. ഇത് അപര്യാപ്തമായതിനാൽ രണ്ട് കണക്കിനങ്ങളിലും യഥാക്രമം 2.5 കോടിരൂപ വീതം അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശചെയ്യുന്നു.

2711-02-103-99—കടലാക്രമണ നിരോധന പണികൾ-സംരക്ഷണം

69. നിരന്തരമായ കടലാക്രമണംമൂലം കടൽഭിത്തികൾ നേരിടുന്ന കെടുതികളുടെ സംരക്ഷണ പണികൾക്കും കൂടാതെ പ്രകൃതിക്ഷോഭത്തിൽ നിന്ന് കടൽത്തീരത്തെ രക്ഷിക്കുന്നതിനുമുള്ള അടിയന്തിര പണികൾക്കുമായി വകയിരുത്തിയിട്ടുള്ള 6.0001 കോടിരൂപ അപര്യാപ്തമായതിനാൽ 4 കോടിരൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4711-01-103-99 (01)—വെള്ളപ്പൊക്ക നിയന്ത്രണ പണികൾ സംബന്ധിച്ച മുലധനച്ചെലവ്

70. തിരുവനന്തപുരം നഗരം ഒഴികെ സംസ്ഥാനത്തിലെ മറ്റു പ്രദേശങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണ പണികളുടെ ചെലവ് വഹിക്കുന്ന ഈ കണക്കിനത്തിൽ

ടോക്കൺ പ്രൊവിഷനായി 1000 രൂപ വകയിരുത്തിയിട്ടുണ്ട്. പണികൾ ഏറ്റെടുത്തു നടത്തുന്നതിനായി 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4711-01-103-98—തിരുവനന്തപുരം പട്ടണത്തിലെ വെള്ളപ്പൊക്ക നിയന്ത്രണ പണികൾ

71. തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്കക്കെടുതികൾ ഒഴിവാക്കുന്നതിന് വേണ്ടി ഏർപ്പെടുത്തിയിട്ടുള്ള ഈ കണക്കിനത്തിൽ 2011-12 വർഷത്തിലേക്ക് തുക വകയിരുത്തിയിട്ടില്ല. ഈ പദ്ധതിക്കായി 2 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശചെയ്യുന്നു.

72. കേരളത്തിലെ നഗരപ്രദേശങ്ങളിലെ, പ്രത്യേകിച്ചും മുനിസിപ്പൽ പ്രദേശങ്ങളിലെ വെള്ളപ്പൊക്കം പരിഹരിക്കുന്നതിനാവശ്യമായ തുക പ്രത്യേക പാക്കേജായി പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4711-01-103-93—മലബാർ ജലസേചന പാക്കേജ് (മിർപ)

73. മലബാർ ഭാഗത്ത് നിലവിലുള്ള ചെക്ക് ഡാമുകൾ, റഗുലേറ്ററുകൾ എന്നിവയുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ഈ ഹെഡ്ഡിൽ വകയിരുത്തിയിട്ടുള്ള 7.5 കോടിരൂപ അപര്യാപ്തമാണ്. ഭരണാനുമതി ലഭിച്ച പണികൾ പൂർത്തീകരിക്കുന്നതിന് 5 കോടിരൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ നിലവിലുള്ള പദ്ധതികളോടൊപ്പം ടെണ്ടർ, റീ-ടെണ്ടർ സ്റ്റേജിൽ ഉള്ള പണികൾക്കും ആവശ്യമായ തുക പ്രത്യേകമായി വകയിരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

4711-01-103-92—മലബാർ ജലസേചന പാക്കേജ്

74. കുറ്റ്യാടി ജലസേചന പദ്ധതിയുടെ പുനർനിർണ്ണയവും നവീകരണവും നടത്തുന്നതിന് 5 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഭരണാനുമതി ലഭിച്ച പണികൾ പൂർത്തീകരിക്കുന്നതിനായി 10 കോടിരൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശചെയ്യുന്നു.

4711-01-103-90—കുട്ടനാട് പാക്കേജ്

75. എം. എസ്. സ്വാമിനാഥൻ റിസർച്ച് അഡ്മിനിസ്ട്രേഷന്റെ നിർദ്ദേശപ്രകാരം കുട്ടനാട്ടിലെ പാടശേഖരങ്ങളുടെ നിലവിലുള്ള ബണ്ടുകൾ ഉയർത്തുകയും വശങ്ങൾ ബലപ്പെടുത്തുകയും ചെയ്ത് ഭാവിയിൽ ഉണ്ടാകാവുന്ന വെള്ളപ്പൊക്കത്തിൽ നിന്ന് പാടശേഖരങ്ങളെ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തികൾക്കായി ഈ കണക്കിനത്തിൽ 200 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 75% ഗ്രാന്റ് ലഭിക്കുന്ന ഈ പദ്ധതിക്ക് കേന്ദ്രത്തിൽനിന്നും ഗ്രാന്റ് ലഭിക്കുന്നതിനനുസരിച്ച് കൂടുതൽ തുക അനുവദിക്കണമെന്ന് സമിതി ശുപാർശചെയ്യുന്നു.

4711-02-103-99—കടലാക്രമണ നിരോധന പദ്ധതികൾ

76. കടലാക്രമണം സംഭവിക്കുന്ന സ്ഥലങ്ങളിൽ പുതിയ കടൽഭിത്തി നിർമ്മിക്കുന്നതിനും പഴയവ പുതുക്കിപ്പണിയുന്നതിനുമായി 25.01 ലക്ഷം രൂപയാണ്

ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. കടലാക്രമണം തടയുന്നതിന് പുലിമുട്ടുകൾ ഇടാനുള്ള ബൃഹത്തായ പദ്ധതിക്കുവേണ്ടി 12.5 കോടിരൂപ വകയിരുത്തുന്നതായി ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ടെങ്കിലും ടി തുക വകയിരുത്തിയിട്ടില്ല. പ്രസ്തുത 12.5 കോടി രൂപയും അധികമായി 37.5 കോടി രൂപയുംകൂടി ഈയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**പി. ജെ. ജോസഫ്,**

*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി III.*